**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **07-02-2023 - ൽ മറുപടിയ്ക്ക്**

**എൻ.എച്ച്. 966-ന്റെ താണാവ്-നാട്ടുകൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന എൻ.എച്ച്. 966-ന്റെ താണാവ്-നാട്ടുകൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള ടോൾ ബൂത്ത് പൊരിയാനിയിൽ നിന്നും മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | ടോൾ പ്ലാസ നിലവിൽ നിശ്ചയിച്ച സ്ഥലത്ത് നിന്ന് മാറ്റാനുള്ള സാധ്യത പരിശോധിക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ടോൾ ബൂത്ത് നിർമ്മാണം സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് ദേശീയപാത വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 966 -ലെ നാട്ടുകൽ - താണാവ് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ജനപ്രതിനിധികളുടേയും ജില്ലാ കളക്ടറുടേയും സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്ന് തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ